# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 210      06.01.2014-ൽ മറുപടിയ്ക്ക്

## നിരവധി വാറണ്ടുകൾ നിലവിലുള്ള തട്ടിപ്പുകേസ്സിലെ പ്രതിയുടെ അറസ്റ്റ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.എം. ഷാജി | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) നിരവധി വാറണ്ടുകൾ നിലവിലുള്ള തട്ടിപ്പുകേസിലെ പ്രതിയെ അറസ്റ്റ് ചെയ്യുന്നില്ലെന്ന് കാണിച്ച് മുഖ്യമന്ത്രിക്ക് നൽകിയ പരാതി 11.01.2012 - ൽ 1229/12/സി.എം എന്ന നമ്പരിൽ തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർക്ക് അയച്ചു കൊടുത്തിട്ടുണ്ടോ; എങ്കിൽ അതിലെ നിർദ്ദേശപ്രകാരം ഇതേവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ;<br><br>(ബി) പ്രതിയുടെ ഒളിയിടം കണ്ടെത്തുന്നതിനും, അറസ്റ്റു ചെയ്യാൻ വാറണ്ടു ലഭിച്ചശേഷം എന്തൊക്കെ അന്വേഷണ നടപടികൾ സ്വീകരിച്ചു എന്നതിന്റെയും വിശദവിവരം നൽകാമോ; | (എ) & (ബി) ഉണ്ട്. തിരുവനന്തപുരം മലയം സ്വദേശി ശ്രീ.റ്റി.ലോറൻസ് ബഹു. മുഖ്യമന്ത്രിക്ക് സമർപ്പിച്ച പരാതിയിന്മേൽ നടപടി സ്വീകരിക്കുന്നതിനായി വഞ്ചിയൂർ പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടറെ ചുമതലപ്പെടുത്തുകയുണ്ടായി. ടിയാൻ സമർപ്പിച്ച അന്വേഷണ റിപ്പോർട്ടിൽ, ജനറൽ ആശുപത്രി ജംഗ്ഷനിൽ സോളാർ ഒപ്റ്റിക്കൽ എന്ന സ്ഥാപനം നടത്തിയിരുന്ന ജയകുമാറിനെതിരെയുള്ള വാറണ്ടുകൾ എല്ലാം തന്നെ 138 NI Act പ്രകാരമുള്ളതാണ്. പ്രസ്തുത വാറണ്ട് നടപ്പിലാക്കുന്നതിനായി നടത്തിയ അന്വേഷണത്തിൽ വർഷങ്ങൾക്കു മുമ്പുതന്നെ ടി സ്ഥാപനം മതിയാക്കി ജയകുമാർ ഒളിവിൽ പോയിട്ടുള്ളതായും, ടിയാൻ മുമ്പ് താമസിച്ചിരുന്ന ശ്രീകണ്ഠേശ്വരം ഫോർട്ട് ആശുപത്രിക്ക് സമീപമുള്ള റ്റി.ആർ.എ 124-ൽ ടിയാന്റെ പ്രായം ചെന്ന അച്ഛനും അമ്മയും മാത്രമാണ് താമസിക്കുന്നതെന്നും, ജയകുമാറിനെ സംബന്ധിച്ച വിവരങ്ങൾ വർഷങ്ങളായി അവർക്ക് അറിയില്ലായെന്നും മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ ടിയാന്റെ മകൻ പഠിച്ചിരുന്ന സ്കൂളിൽ അന്വേഷണം നടത്തിയെങ്കിലും ടിയാനെ കണ്ടെത്തുന്നതിനായിട്ടുള്ള വിവരങ്ങളൊന്നും ലഭിച്ചിട്ടില്ല. ജയകുമാറിനെ കണ്ടെത്തുന്നതിനായി ടിയാനെതിരെ ലുക്ക് ഔട്ട് നോട്ടീസ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) ഇനിയും തട്ടിപ്പുകൾ ആവർത്തിക്കാതിരിക്കാൻ ഈ പ്രതിയെ എത്രയും പെട്ടെന്ന് അറസ്റ്റു ചെയ്ത് നിയമ നടപടികൾ പൂർത്തിയാക്കുമോ? | (സി) പ്രതിയെ അറസ്റ്റ് ചെയ്യുന്നതിന് വേണ്ടി ഊർജ്ജിത അന്വേഷണങ്ങൾ തുടർന്നു വരികയാണ്. |

സെക്ഷൻ ഓഫീസർ